## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 493

### 29.11.2018 -ലെ മറുപടിക്ക്

## സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം

**ചോദ്യം:**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി :**
**ഡോ. ടി.എം.തോമസ് ഐസക്ക്**
**ബഹു.ധനകാര്യവും കയറും വകുപ്പുമന്ത്രി**

| ചോദ്യം | മറുപടി |
|---|---|
| (എ) വിവിധ വകുപ്പുകളുടേയും മറ്റ് സർക്കാർ സ്ഥാപനങ്ങളുടേയും പൊതുമേഖലയുടെ നിയന്ത്രണത്തിലുള്ള ഏജൻസികളുടേയും വാഹന ദുരുപയോഗം ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; 2016 ജനുവരി മുതൽ ഇത്തരത്തിൽ കണ്ടെത്തിയിട്ടുണ്ടോ; | ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ സ്ഥാപനങ്ങൾ ഏതെല്ലാം; ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ ആരെല്ലാം; ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ തുക എത്ര ; ഈ തുക ബന്ധപ്പെട്ട വ്യക്തികൾ സർക്കാരിലേയ്ക്ക് അടച്ചിട്ടുണ്ടോ; അടച്ചവർ ആരെല്ലാം; അടയ്ക്കാത്തവർ ആരെല്ലാം ; | വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധന വിഭാഗത്തിന്റെ ശുപാർശകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് അയച്ച് കൊടുക്കുകയാണ് ചെയ്യുന്നത്. 2016 ജനുവരി മുതൽ 29 പ്രാഥമിക റിപ്പോർട്ടുകൾ തുടർ നടപടികൾക്കായി ഭരണ വകുപ്പിന് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ നടപടി ക്രമങ്ങൾ പാലിച്ച് അന്തിമ നടപടികൾ സ്വീകരിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. |
| (സി) ഏതെല്ലാം വകുപ്പ് മേധാവികൾക്കെതിരെ ധനകാര്യ പരിശോധന വിഭാഗത്തിന്റെ കണ്ടെത്തലുകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് അയച്ചിട്ടുണ്ട്; എന്നാണ് അയച്ചത്; ഇവയ്ക്ക് മറുപടി ലഭിച്ചിട്ടുണ്ടോ; വിശദമായ വിവരം ലഭ്യമാക്കാമോ ; | |
| (ഡി) ഒന്നിലധികം വാഹനങ്ങൾ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരോ വകുപ്പ് മേധാവികളോ ജനപ്രതിനിധികളോ ഉണ്ടെന്നുള്ള വിവരം പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | ഇല്ല |
| (ഇ) നിലവിൽ വാഹന ദുരുപയോഗം പരിശോധിക്കേണ്ട എന്ന നിർദ്ദേശം ധനകാര്യ വകുപ്പ് ഇറക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇത്തരത്തിൽ ഉത്തരവ് ഇറക്കിയത് ആരാണ് ; ധനകാര്യ വകുപ്പ് നിർദ്ദേശം ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ? | ഇല്ല |

സെക്ഷൻ ഓഫീസർ